ഉത്തരം

(എ) ഇല്ല.

(ബി) മാനുവലിൽ മാറ്റംവരുത്താൻ തൽക്കാലം നിർവ്വാഹമില്ല.

40 (481) ഹൈസ്കൂൾ അസിസ്റ്റന്റുമാരുടെ പ്രൊമോഷന്റെ അടിസ്ഥാനം

ശ്രീ. കെ. പ്രകാശ് ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഹൈസ്കൂൾ അസിസ്റ്റന്റുമാരുടെ പ്രൊമോഷന്റെ അടിസ്ഥാനം പി.എസ്.സി.യുടെ കമ്പയിൻഡ് സീനിയോറിറ്റി ലിസ്റ്റ് ആണോ;

(ബി) പി.എസ്.സി. നോട്ടിഫൈ ചെയ്യുന്ന കംപയിൻഡ് സീനിയോറിറ്റി ലിസ്റ്റിൽ മാറ്റം വരുത്താൻ ഡിപ്പാർട്ടുമെന്റിന് അധികാരമുണ്ടോ;

(സി) ജനന തീയതി അടിസ്ഥാനമാക്കി സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കാൻ വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിന് അധികാരമുണ്ടോ;

(ഡി) 15.1.1999-ലെ ഉത്തരവ് നമ്പർ എസ്.വൈ. 1/78563/93/ഡി.പി.പി.ഐ. പ്രകാരം 1.1.1976 മുതൽ 31.12.1976 വരെയുള്ള എച്ച്.എസ്.എ.മാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയതിന്റെ മാനദണ്ഡം എന്താണ്; പ്രസ്തുത ലിസ്റ്റിൽ, പി.എസ്.സി.യുടെ കമ്പയിൻഡ് ലിസ്റ്റ് ആണോ; എച്ച്.എസ്.എ.മാർ ജോലിക്ക് ജോയിന്റ് ചെയ്ത തീയതിയാണോ, ജനന തീയതിയാണോ അടിസ്ഥാനമായി എടുത്തത്; പ്രസ്തുത ലിസ്റ്റിലെ അപാകതകൾ സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അവ പരിഹരിച്ച് ഫൈനൽ ലിസ്റ്റ് എന്ന് പ്രസിദ്ധീകരിക്കും; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കുന്ന കമ്പയിൻഡ് സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് ഹൈസ്കൂൾ അസിസ്റ്റന്റുമാരുടെ പ്രൊമോഷൻ നടത്തുന്നത്. പി.എസ്.സി. അല്ല സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നത്.

(സി) വിവിധ ജില്ലാ റിക്രൂട്ട്മെന്റ് മുഖേന ഒരേ ദിവസം അഡ്വൈസ് ചെയ്യപ്പെടുന്ന കേസ്സുകളിൽ ജനന തീയതിയുടെ അടിസ്ഥാനത്തിൽ സീനിയോറിറ്റി നിശ്ചയിക്കാവുന്നതാണ്.

(ഡി) പബ്ലിക് സർവ്വീസ് കമ്മിഷന്റെ എല്ലാ ജില്ലാ ആഫീസുകളിൽനിന്നും അഡ്വൈസിലെ റാങ്ക് നമ്പർ ലഭ്യമാകാതിരുന്ന ചുറ്റുപാടിൽ 1976-ലെ ലിസ്റ്റിൽനിന്നും എത്രയും പെട്ടെന്ന് പ്രൊമോഷൻ നൽകേണ്ട അടിയന്തിര സാഹചര്യത്തിലാണ് 15.1.1999-ലെ ഉത്തരവ് നം. എസ്.വൈ. 1/78563/93/ഡി.പി.ഐ. പ്രകാരം എച്ച്.എസ്.എ.മാരുടെ സീനിയോറിറ്റി ലിസ്റ്റ് ജനന തീയതിയുടെ അടിസ്ഥാനത്തിൽ മാത്രം തയ്യാറാക്കിയത്. പ്രസ്തുത ലിസ്റ്റിലെ അപാകതകൾ സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ട്. ന്യൂനതകൾ പരിഹരിച്ചുകൊണ്ട് ചട്ടപ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റ് എത്രയും വേഗം തയ്യാറാക്കുവാൻ നടപടി എടുത്തുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly